File No.LSGD-EPB3/135/2018-LSGD

'ഭരണഭാഷ- മാതൃഭാഷ'

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. കെ. മുരളീധരനെതിരായ അച്ചടക്ക നടപടി - അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീമതി. ജ്യോത്സ്ന മോൾ എസ്.നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1432/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/07/2019

---

പരാമർശം:- 1 സർക്കാരിന്റെ 16.06.2018-ലെ ഇപിബി3/135/2018/തസ്വഭവ നമ്പർ കുറ്റപത്രം

2 പഞ്ചായത്ത് ഡയറക്ടറുടെ 08.08.2018-ലെ ഡി5-2861/2016 നമ്പർ കത്ത്

3 സർക്കാരിന്റെ 28.01.2019-ലെ ഇപിബി3/135/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. കെ. മുരളീധരൻ സമർപ്പിച്ച 31.03.2019-ലെ പ്രതിവാദ പത്രിക

## ഉത്തരവ്

പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ 18.01.2016 മുതൽ 21.01.2016 വരെ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഇന്റേണൽ ആഡിറ്റ് വിഭാഗം നടത്തിയ പരിശോധനയിൽ ക്ലാർക്ക് തസ്തികയിലെ നിയമനാധികാരിയായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ ചെയ്യുന്ന മുഴുവൻ ഉദ്യോഗാർത്ഥികൾക്കും അഡ്വൈസ് സീനിയോറിറ്റി പ്രകാരം നിയമന ഉത്തരവ് നൽകുന്നതിന് പകരം എല്ലാ ഉദ്യോഗാർത്ഥികളെയും വെരിഫിക്കേഷന് വേണ്ടി ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഹാജരാകുവാൻ നിർദ്ദേശം നൽകി കത്ത് നൽകുകയും പ്രസ്തുത കത്ത് കൈപ്പറ്റി വെരിഫിക്കേഷൻ ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാതെ തന്നെ ഒഴിവുകൾ എൻ.ജെ.ഡി ആയി കണക്കാക്കി പി.എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്തതായും കണ്ടെത്തി.

പബ്ലിക് സർവിസ് കമ്മീഷൻ അഡ്വൈസ് നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് അയച്ചതിനു ശേഷം നിർദ്ദിഷ്ട സമയപരിധിക്കകം ജോലിയിൽ പ്രവേശിക്കാതിരിക്കുകയോ, ജോലിയിൽ പ്രവേശിക്കുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുന്നതിന് അപേക്ഷ സമർപ്പിക്കാതിരിക്കുകയോ, ജോലിയിൽ പ്രവേശിക്കുന്നതിന് സമയം ദീർഘിപ്പിച്ചു നൽകണമെന്ന അപേക്ഷ നിരസിക്കപ്പെട്ടിട്ടും നിർദ്ദിഷ്ട സമയപരിധി കഴിഞ്ഞു വീണ്ടും ഉദ്യോഗാർത്ഥി ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിലാണ് എൻ.ജെ.ഡി. ഒഴിവുകൾ

പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടത് .എന്നാൽ ജോലിയിൽ പ്രവേശിക്കാൻ സാധ്യതയില്ല എന്ന മുൻവിധിയോടെ എൻ.ജെ.ഡി. ഒഴിവുകൾ ക്രമവിരുദ്ധമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തതുവഴി ശ്രീ. കെ. മുരളീധരന്റെ ഭാഗത്തുനിന്നും കൃത്യവിലോപം ഉണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. കെ. മുരളീധരന് പരാമർശം (1) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ശ്രീ. കെ. മുരളീധരൻ 31.07.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതായി പഞ്ചായത്ത് ഡയറക്ടർ സൂചന (2) പ്രകാരം അറിയിക്കുകയുണ്ടായി. തുടർന്ന് ശ്രീ. കെ. മുരളീധരൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.സി.എസ്. (സി.സി.&എ) പ്രകാരം ശ്രീ. കെ. മുരളീധരനെതിരെ അച്ചടക്ക നടപടി തുടരാൻ സാധ്യമല്ലാത്തതിനാൽ കെ.എസ്.ആർ ഭാഗം 3 ചട്ടം 3 (എ) പ്രകാരം ശ്രീ. കെ. മുരളീധരന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ. മുരളീധരൻ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ. മുരളീധരന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. കെ. മുരളീധരനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. കെ. മുരളീധരനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീമതി. ജ്യോത്സ്ന മോൾ എസ്.നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ടി അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. ജ്യോത്സ്ന മോൾ എസ്., പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ,

   പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

   (പരാമർശം 2, 3, 4, എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. കെ. മുരളീധരൻ, മുൻ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, പാലക്കാട് ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/135/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ